8569/പി/2017/കെ.എസ്.എച്ച്.ഒ                                                                 30..10..2020

## കുടുംബശ്രീ-എൻ.യു.എൽ.എം- കരാർ നിയമനത്തിനായി walk-in-interview

## വിജ്ഞാപനം-കോഡ് എൻ.യു.എൽ.എം 001

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലേയ്ക്ക് അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവുകൾ (തിരുവനന്തപുരം ഓഫീസിലേയ്ക്ക്) നികത്തുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിൽ കുടുംബശ്രീ മിഷനിൽ എൻ.യു.എൽ.എം പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം പൂർത്തിയാക്കിയ വ്യക്തികൾക്ക് അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| 1. | തസ്തിക : | അക്കൗണ്ടന്റ് |
| 2. | ഒഴിവ് : | 3 എണ്ണം |
| 3. | നിയന രീതി : | കരാർ നിയമനം (ഒരു വർഷ കാലയളവിലേയ്ക്ക്) |
| 4. | വിദ്യാഭ്യാസ യോഗ്യത: | 50% മാർക്കോടെ ബി.കോം പാസ്സായിരിക്കണം/എൻ.യു.എൽ.എം അക്കൗണ്ട് അസിസ്റ്റന്റ് യൂസിംഗ് ടാലി പൂർത്തിയാക്കിയിരിക്കണം. എം.എസ്.ഓഫീസ് അല്ലെങ്കിൽ തതുല്ല്യമായ യോഗ്യത |
| 5. | അഭിലഷണീയം : | കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് |
| 6. | പ്രവർത്തി പരിചയം: | അക്കൗണ്ടന്റ് തസ്തികയിൽ ഒരു വർഷത്തെ പ്രവർത്തി പരിചയം |
| 7. | വേതനം : | 20,760/- (കൺസോളിഡേറ്റഡ് പേ) |
| 8. | ജോലിയുടെ സ്വഭാവം: | കൃത്യമായ വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കുക |

9. നിയമന പ്രക്രിയ

1. ബയോഡാറ്റ, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, വെള്ള കടലാസിൽ ഏതു തസ്തികയിലേയ്ക്കാണ് അപേക്ഷിക്കുന്നതെന്ന് കൃത്യമായി രേഖപ്പെടുത്തിയ അപേക്ഷ എന്നിവ ഉൾപ്പെടെ **02.11.2020 ന്** തങ്ങൾ **എൻ.യു.എൽ.എം പദ്ധതി യുടെ ഭാഗമായി പരിശീലനത്തിനായി രജിസ്ററർ ചെയ്ത നഗരസഭയിലെ എൻ.യു.എൽ.എംയൂണിററിൽ** walk-in-interview ന് ഹാജരാകേണ്ടതാണ്.

2. സമർപ്പിക്കപ്പെട്ട ബയോഡാറ്റകൾ വിശദമായി പരിശോധിച്ച് യോഗ്യത, പ്രവർത്തി പരിചയം എന്നിവ ഉറപ്പാക്കി walk-in-interview ന് അനുവദിക്കും

10. മറ്റ് നിബന്ധനകൾ

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാമിഷനുകളിലോ സംസ്ഥാനമിഷനിലോ നേരിട്ട് യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ അംഗീകരിച്ച യോഗ്യതകളില്ലാത്തതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.

2. **02.11.2020** നാണ് ഓൺലൈൻ walk-in-interview. അപേക്ഷകൻ ടി ദിവസം walk-in-interview ന് 10.30 മണിക്ക് ഹാജരാകേണ്ടതാണ്.

3. റാങ്ക് ലിസ്റ്റിന്റെ കാലാവധി ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 6 മാസം ആയിരിക്കും.

4. നിയമനം ഒരു വർഷ കാലയളവിലേയ്ക്ക് മാത്രമാണ്.

**ഡയറക്ടർ (എ&എഫ്)**
**കുടുംബശ്രീ**

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്
3. ബന്ധപ്പെട്ട ട്രെയിനിംഗ് സ്ഥാപനങ്ങൾ